**ക്രിസ്തുമസ്**

**ലൂക്കാ 2:1-20**

**ദേവാങ്കണങ്ങൾ കൈയൊഴിഞ്ഞ താരകം**

റവ.ഫാ. നിധിൻ പനവേലിൽ

കാത്തിരിപ്പുകളുടെ കഥ കൂടിയാണ് ബൈബിൾ. പഴയ നിയമവും പുതിയ നിയമവും എല്ലാം അവസാനിക്കുന്നത് കാത്തിരിപ്പുകളുടെയും നോക്കിയിരിപ്പുകളുടെയും ജീവിതങ്ങളെയും അതുതരുന്ന വെളിച്ചങ്ങളെയും വരച്ചിട്ടു കൊണ്ടാണ്. വിത്ത് നടന്നുവന്റെ കാത്തിരിപ്പ് പഴം വരാറാകുവോളം നീണ്ടതെന്നറിഞ്ഞിട്ട് തന്നെയാണ് അവനാ വിത്ത് കുഴിച്ചിടുന്നത്. കാത്തിരിക്കുക എന്നു വച്ചാൽ പാകമാകുവോളം ആർത്തി മൂക്കാതെ തിടുക്കം തെല്ലുമില്ലാതെ ഒപ്പം സഞ്ചരിക്കുക കൂടിയാണ്. നാം നട്ട ചെടിയിൽ നാളുകൾക്കൊടുവിൽ പഴം കാണുക ത്രിൽ അല്ല ഒരു വല്ലാത്ത തരം ആനന്ദമാണ്. ലോകചരിത്രത്തിന്റെ പാകപ്പെടലുകൾക്കും കാത്തിരിപ്പുകൾക്കും ജനതതികൾക്കായി ഒടുവിൽ ഉരുവം കൊണ്ട ഫലമാണ് ലോകചരിത്രത്തിലെ ക്രിസ്തു. അതിൽ കാലങ്ങളുടെ ഉത്തരമുണ്ട്, കാലങ്ങളിലേക്കുള്ള ചോദ്യങ്ങളുണ്ട്. കാത്തിരിപ്പുകളുടെ കടലോളം കഥകളുണ്ട്. മറിയത്തിന് അപമാന ഭാരത്തിന്റെ നീറ്റുന്ന കാത്തിരിപ്പ്. ഗോത്രത്തിന് രക്ഷകന്റെ വരവിനായുള്ള കാത്തിരിപ്പ്. പ്രവചനങ്ങൾക്ക് പൂർത്തീകരണത്തിനുള്ള കാത്തിരിപ്പ്. അവിടം കൊണ്ട് തീരുന്നില്ല കാത്തിരിപ്പ് - ക്രിസ്തുവിനൊപ്പം ഞാൻ ചരിക്കുക കൂടിയാണത് - ക്രിസ്തു എന്നിൽ പാകപ്പെടുവോളം. രാവെളുക്കുവോളം കാവൽമാടങ്ങളിൽ കാത്തിരുന്ന ഇടയഗണത്തിനാണ് ആദ്യഅറിയിപ്പെന്നതും ചിന്തനീയമാണ്. അപരന്റെ സമാധാന ഉറക്കങ്ങൾക്കായി ഞാൻ ഉറങ്ങാതെ കാത്തിരിക്കുന്ന ജാഗ്രതയും ആത്മാർത്ഥതയും പുലർത്തുന്ന മനസുകൾക്ക് തന്നെയാവണം വെളിച്ചത്തിന്റെ ആദ്യദർശനം. അതു നിയോഗമാണ്. അർഹതയുമാണ്.

ദൈവം നമ്മോടു കൂടെ. 'ഇമ്മാനുവെൽ' അനുഭവത്തിന്റെ ആദ്യഓർമ്മയുടെ അയവിറക്കലും ഓർത്തെടുക്കലും വീണ്ടും അനുഭവിക്കലുമാണ് ക്രിസ്മസ്. ദൈവം ദേ ഇത്ര ചെറുതാണ്. ഈ കുഞ്ഞിനോളം കുഞ്ഞാണ് ദൈവം. ഈ തൊഴുത്തിൽ ഒതുങ്ങുന്ന വലിപ്പമെയുള്ളൂ ഈ ദൈവത്തിന് എന്ന് ഉറക്കെ പറയുന്നതാണ് ക്രിസ്മസ്. ഒരു കുഞ്ഞിനോളം ദൈവം ചെറുതായ കഥ. വലിയ ഉയരങ്ങളിൽ ഒരാൾ എത്തുമ്പോൾ ദേ ഞങ്ങളുടെ കുഞ്ഞായിരുന്നു, ഞാൻ എടുത്തു നടന്നിട്ടുണ്ട്, ഞങ്ങൾ ഒന്നിച്ചു കളിച്ചിട്ടുണ്ട് എന്നൊക്കെ പഴേ സുഹൃത്തുക്കൾ ഓർത്തെടുത്തു പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ. എന്ത് അഭിമാനമാണത്. അവൻ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നു എന്ന ഓർമ്മ പോലും കൊടുക്കുന്ന സന്തോഷം എത്ര വലുതാണ്. ഞാൻ പഠിപ്പിച്ച കുട്ടിയാണ് എന്നു പറഞ്ഞ് ഉയരങ്ങളിലെത്തിയ പഴയ വിദ്യാർത്ഥിയെ ഓർത്ത് ആദ്യകാല അധ്യാപകർ നടത്തുന്ന അഭിമാന സ്മരണ നമ്മൾ കാണാറുള്ളതല്ലേ. ഈ ദൈവം ദേ ഞങ്ങൾക്കിടയിലാണ്. ഞങ്ങളിലൊരുവനാണ്. സ്നേഹവും, കുറുമ്പും, വാത്സല്യവും, ദേഷ്യവും, കരച്ചിലും ചിരിയുമെല്ലാമുള്ള ഞങ്ങളെപ്പോലെ ഒരു മനുഷ്യക്കുഞ്ഞാണ്. ജനതകൾക്ക് നടുവിൽ അലിയുന്ന ഒരു ദൈവത്തിനോളം വലിപ്പം വേറെ ഏതു ദൈവസങ്കല്പത്തിനാണുള്ളത്. പഞ്ചസാര വെള്ളത്തിലലിഞ്ഞ് അപ്രത്യക്ഷമായി മധുരസാന്നിധ്യമായി മാത്രം നിലകൊള്ളുന്ന പോലെ ഒരു ദൈവം മണ്ണിൽ അലിഞ്ഞു ചേരുന്നു. ഏതു കരുത്തുറ്റ ദൈവസങ്കല്പങ്ങളെക്കാളും ഒരു മനുഷ്യനെന്ന നിലയിൽ ആരും കൊതിക്കുന്നതും ആഗ്രഹിക്കുന്നതും ഇതുപോലൊരു ദൈവസങ്കല്പത്തെയല്ലേ. പല നാടുകളിൽ നിന്ന് വന്നവർ നമ്മുടെ നാട്ടിൽ വന്ന് ഈ മണ്ണിൽ അലിഞ്ഞു ചേരാറില്ലേ. പറിച്ചെറിഞ്ഞു കളയാൻ പറ്റാത്തവിധം ഈ സംസ്കാരത്തിന്റെ ഭാഗമായി മാറിയിട്ടില്ലേ. ജീവിതം ഇവിടേക്കായി ഉഴിഞ്ഞുവക്കാറില്ലേ. മദർ തെരേസയൊക്കെ പിന്നെ ഒരിക്കൽ പോലും സ്വന്തം മണ്ണ് തിരക്കി പോയിട്ടില്ല. ഈ മണ്ണിൽ, ചേരികളിൽ, മനുഷ്യരിൽ അവർ വേർതിരിച്ച് മാറ്റിനിർത്താനാവാത്തവിധം അലിഞ്ഞു ചേർന്നില്ലേ.

ഇതുതന്നെയല്ലേ ക്രിസ്മസ്. ഒരു ദൈവം വിണ്ണിൽ നിന്ന് പൊലിഞ്ഞതിന്റെ, മണ്ണിൽ വന്നലിഞ്ഞതിന്റെ, മനുഷ്യനായി രൂപം പകർന്നതിന്റെ ഓർമ്മ. സ്വയം ഹോമിക്കലാണത്. സ്നേഹത്തിന് ഇതിനെക്കാൾ നല്ലൊരു ഭാവമില്ല. ഞാൻ എന്റെ നാടും എന്റേതായെല്ലാം വിട്ടിട്ട് ഇനി നിന്റെ കൂടെ വന്നു പൊറുക്കുന്നു. നിന്നെപ്പോലെ ഒരാളായി മാറുന്നു. ഇനി ശിഷ്ടകാലം നിന്നോടു കൂടെ വാഴുന്നു. അതുമാത്രമാണ് എന്റെ സന്തോഷമെന്ന് ജീവിച്ചു പറയുന്നു. ക്രിസ്തുവിന്റെ മറ്റേതൊരു സംജ്ഞയെക്കാളും 'മനുഷ്യപുത്രനായ യേശു' എന്ന വിളിക്ക് വല്ലാത്തൊരു മാറ്റുള്ളതുപോലെ ഈ ക്രിസ്മസ് രാവിൽ. 'മനുഷ്യപുത്രനായ യേശു' എന്ന ഗ്രന്ഥത്തിൽ ജിബ്രാൻ പറഞ്ഞതുപോലെ ഞാൻ "ക്രിസ്തുവിനെ വെറുത്തു എന്തെന്നാൽ ഏതോ ഉത്തരദേശങ്ങളിൽ നിന്നൊരാൾ പറഞ്ഞു അവൻ ദൈവത്തിന്റെ പുത്രനാണെന്ന്. എന്നാൽ നിങ്ങളോരോരുത്തരും ഇന്ന് ഉള്ളിന്റെയുള്ളിൽ ഊറ്റം കൊള്ളുന്നു അവൻ നിങ്ങളിൽ ഏതൊരാളിന്റെയും സ്വന്തം സഹോദരനെന്ന്." ദേവഭാഷ ചമച്ചു മണ്ണിലിറങ്ങിയ ഗന്ധർവ സങ്കല്പമല്ല അവന് തച്ചന്റെ മണവും വിയർപ്പും കണ്ണീരിന്റെ ഉപ്പും കലർന്ന മനുഷ്യഗന്ധമാണ്. അവൻ പറഞ്ഞതത്രയും ഹൃദയത്തിന്റെ വിങ്ങലുകളെക്കുറിച്ചാണ്. സ്നേഹം മൂത്തു മൂത്തു ദൈവമെന്ന് മറന്ന് മനുഷ്യനെ പ്രണയിച്ചു മനുഷ്യർക്കിടയിൽ ലയിച്ചുപോയ അവിടെ മരിച്ചു തീർന്ന ഒരു ജന്മത്തിന്റെ, ആ ലയനത്തിന്റെ ഓർമ്മ ക്രിസ്മസ് വീണ്ടും തെളിക്കുന്നു.

അത് അവനെയോർത്ത് ഊറ്റം കൊള്ളാനും അവന്റെ പേരിൽ കള്ളപ്പം കഴിക്കാനുമല്ല. ഞാനെന്നെ മറന്ന് അപരനിൽ ലയിക്കുന്ന സാഹോദര്യഭാവം എന്നിൽ പിറക്കാനാണ്. എന്റെ പേരിനോ രൂപത്തിനോ സ്റ്റാറ്റസിനോ വേണ്ടി ഒന്നും ചെയ്യാനല്ല. ഞാൻ ഓർമ്മിക്കപ്പെടണമെന്നു പോലും ആഗ്രഹമില്ലാതെ അപരനുവേണ്ടി, കുടുംബത്തിനു വേണ്ടി, അന്യനായ ആർക്കും വേണ്ടി ഞാൻ ലയിച്ചു തീരണം. ഞാനെന്ന ചിന്തയോ ഭാവമോ ഓർമ്മയോ പോലുമില്ലാതെ, എന്നെ ശേഷിപ്പിക്കാനോ ഓർമ്മിപ്പിക്കാനോ ശ്രമിക്കാതെ ബലി പോലെ ഹോമിച്ചു തീർക്കണം. ഒരു ദൈവം പോലും അതാണ് വലുതെന്ന് പഠിപ്പിച്ചപ്പോ അതിലും വലുതാവാൻ ഞാനെന്തിന് ശ്രമിക്കണം. ചെറുതിന്റെയും എളുതിന്റെയും ഒന്നുമില്ലായ്മയുടെയും ഒന്നുമല്ലാതാകലിന്റെയും ആശംസകൾ! ഹാപ്പി ക്രിസ്മസ്!